'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മദ്ധ്യ പ്രദേശിലെ ഇൻഡോറിൽ വച്ച് 2019 ജൂലൈ 26,27 തീയതികളിൽ നടന്ന ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ ഖരമാലിന്യ സംസ്കരണ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനായി കോഴിക്കോട് നഗരസഭ ഡെപ്യൂട്ടി മേയർ ,നികുതി അപ്പീൽ കാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ, രണ്ട് കൗൺസിലർമാർ എന്നിവർ നടത്തിയ വിമാനയാത്രയ്ക്ക് മുൻകാല പ്രാബല്യത്തോടെ അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1785/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/08/2019

പരാമർശം:- 1 കോഴിക്കോട് മുനിസിപ്പൽ സെക്രട്ടറിയുടെ 02/07/2019 ലെ ഡി1/46789/19 നം.കത്ത്.

2 നഗരകാര്യ ഡയറക്ടറുടെ 05/07/2019 ലെ ഡിസി2/14435/2019 നം. കത്ത്

**ഉത്തരവ്**

മദ്ധ്യ പ്രദേശിലെ ഇൻഡോറിൽ വച്ച് ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് മുഖേന 2019 ജൂലൈ 26,27 തിയതികളിൽ നടക്കുന്ന ഖരമാലിന്യ സംസ്കരണ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് കോഴിക്കോട് നഗരസഭ ഡെപ്യൂട്ടി മേയർ ശ്രീമതി.മീരദർശക്, നികുതി അപ്പീൽ കാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ശ്രീമതി ആശ ശശാങ്കൻ, കൗൺസിലർമാരായ അഡ്വ.പി.എം.സുരേഷ്ബാബു,ശ്രീ.പ്രശാന്ത്കുമാർ എന്നിവർക്ക് വിമാനയാത്ര നടത്തുന്നതിന് അനുമതി ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ കൗൺസിൽ തീരുമാനം ഉണ്ടായിട്ടുള്ളതായും, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, സൂചന (1)കത്ത് പ്രകാരം, നഗരകാര്യ ഡയറക്ടർ മുഖേന അപേക്ഷിക്കുകയുണ്ടായി.

2) വിമാനയാത്രയടക്കം ഇതിനാവശ്യമായ ചെലവ് തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന നിബന്ധനയോടെ, അനുമതി നൽകാവുന്ന താണെന്ന്, നഗരകാര്യ ഡയറക്ടർ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ കത്ത് സഹിതം, സൂചന(2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു.2019 ജൂലൈ 26,27 തിയതികളിൽ മദ്ധ്യ പ്രദേശിലെ ഇൻഡോറിൽ നടന്ന ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ ഖരമാലിന്യ സംസ്കരണ ട്രെയിനിംഗ് പ്രോഗ്രാമിൽ

പങ്കെടുക്കുന്നതിനായി കോഴിക്കോട് നഗരസഭ ഡെപ്യൂട്ടി മേയർ ശ്രീമതി മീര ദർശക്, നികുതി അപ്പീൽ കാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ശ്രീമതി. ആശ ശശാങ്കൻ, കൗൺസിലർമാരായ അഡ്വ. പി.എം. സുരേഷ് ബാബു, ശ്രീ. പ്രശാന്ത് കുമാർ എന്നിവർ നടത്തിയ വിമാനയാത്രയ്ക്ക് മുൻകാല പ്രാബല്യത്തോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ ചെലവ് തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ